(ഇ) ചാർജ്-സർചാർജ്ജ് ഈടാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് പറയുമോ ;

(എഫ്) നിയമ വിധേയമല്ലാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ചെലവ് ചെയ്ത തീയതി മുതൽ എത്ര കാലത്തിനുള്ളിലാണ് ചാർജ്-സർചാർജ്ജ് ഈടാക്കേണ്ടത് ;

(ജി) നടപടി ക്രമങ്ങളിലൂടെ ചെലവ് ചെയ്ത തുക ഈടാക്കാനാവാതെ വന്നാൽ അതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നും അക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) തുക ഒന്നും തന്നെ ഈടാക്കിയില്ല.

(ബി) പുറപ്പെടുവിച്ച ചാർജ്/സർചാർജ്ജ് നോട്ടീസുകളുടെ തുടർ നടപടികൾ പൂർത്തീകരിക്കാത്തതിനാലാണ്.

(സി) ഉണ്ട്. 9/99 മുതൽ ചാർജ്/സർചാർജ്ജ് നോട്ടീസുകൾ അയച്ചു തുടങ്ങി.

(ഡി) 1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നോട്ടീസുകൾ അയയ്ക്കുന്നത്.

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1994-ന്റെ സെക്ഷൻ 16 സബ് സെക്ഷൻ 1 പ്രകാരമാണ് ചാർജ്/സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നത്.

(എഫ്) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 (സെക്ഷൻ 215) കേരള മുനിസിപ്പാലിറ്റി ആക്ട് 1994 (സെക്ഷൻ 295) എന്നിവ അനുസരിച്ച് ചെലവ് ചെയ്ത തീയതി മുതൽ നാല് വർഷത്തിന് ശേഷം സർചാർജ് ചെയ്യാൻ പാടില്ല എന്ന് അനുശാസിക്കുന്നു.

(ജി) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 16 അനുസരിച്ച് സർചാർജ് നടപടി ക്രമങ്ങൾകൊണ്ട് നഷ്ടം ഈടാക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത നഷ്ടം റവന്യൂ റിക്കവറി വഴി ഈടാക്കാൻ വ്യവസ്ഥയുണ്ട്.

പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റ്/സി.എ. വിഭാഗങ്ങൾക്ക് ആനുകൂല്യം

8 (1063) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നീ ഓഫീസുകളിലേയ്ക്കുള്ള ടൈപ്പിസ്റ്റ്/സി.എ. നിയമനം നടത്തുന്നത് ഒരേ റാങ്ക് ലിസ്റ്റിൽ നിന്നാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുന്നതുവരെ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ്/സി.എ. വിഭാഗങ്ങൾക്ക് നല്കിയിരുന്ന ആനുകൂല്യങ്ങൾ പി. എസ്.സി. ഓഫീസുലെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെയും ടൈപ്പിസ്റ്റ്/ സി. എ. വിഭാഗങ്ങൾക്ക് നല്കിയിരുന്നുവോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ്/ സി.എ./ഓഫീസ് സൂപ്രണ്ട് വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ 7-7-1997 ലെ ജി. ഒ. (എം.എസ്) 629/97/ധന. പ്രകാരവും 23-9-1997-ലെ ജി.ഒ.(എം.എസ്) 798/97/ധനപ്രകാരവും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസിലെ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതേ ആനുകൂല്യങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റ്/ സി. എ./ഓഫീസ് സൂപ്രണ്ട് വിഭാഗം ജീവനക്കാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ട് അതേ വകുപ്പിലെ ഏതെങ്കിലും സംഘടന സർക്കാരിന് നിവേദനം നല്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏതെല്ലാം സംഘടനകളാണ് നിവേദനം സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതു സംബന്ധിച്ച ആനുകൂല്യങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ സമാനതസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുവദിക്കുന്നതിൽ സർക്കാർ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഒരേ റാങ്ക്‌ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. എന്നാൽ ഈ വകുപ്പുകളിലെ സി.എ.മാരെ നിയമിക്കുന്നത് വിവിധ വകുപ്പുകളിലേക്കുള്ള പൊതു റാങ്ക് ലിസ്റ്റിൽ നിന്നാണ്.

(ബി) ഇല്ല.

(സി) എല്ലാ ആനുകൂല്യങ്ങളും ബാധകമാക്കിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് ടൈപ്പിസ്റ്റ് ആന്റ് സി.എ. അസ്സോസിയേഷൻ നിവേദനം നല്കിയിട്ടുണ്ട്.

(എഫ്) 25-11-1998 ലെ 3000/98 ധന. ഉത്തരവുപ്രകാരം സെക്രട്ടേറിയറ്റിലെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെയും ടൈപ്പിസ്റ്റ്/സി. എ. വിഭാഗങ്ങളിലെ സമാന തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിൽ നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly